"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - OA(EKM) No. 1671/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 19.12.24 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.888/2025/LSGD തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. OA(EKM) No. 1671/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 19.12.24 ലെ വിധിന്യായം
2. ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 തീയതിയിലെ LSGD/PD/14688/2023-GEA4 നടപടിക്രമം
3. ത.സ്വ.ഭ.വ ചിഫ് എൻജിനീയറുടെ 30.11.2022 ലെ ഉത്തരവ് 101/2013/സി.ഇ/തസ്വഭവ (വാല്യം II ) നടപടി ക്രമം

**<u>ഉത്തരവ്</u>**

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ വഴിയുള്ള നിയമനത്തിനുള്ള അനുബന്ധം A10 സീനിയോരിറ്റി ലിസ്റ്റിൽ സർട്ടിഫിക്കറ്റ് ഹോൾഡർമാരുടെ ക്വാട്ടയിൽ ബിരുദവും ഡിപ്ലോമയും ഉള്ളവരെ ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഓവർസിയർ ഗ്രേഡ് I, അനൂപ്.എം ഫയൽ ചെയ്ത OA No 1671/2024 ൽ, പരാമർശം 1 ഉത്തരവ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ അനുബന്ധം A11 പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിക്കുകയുണ്ടായി.

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ 31.12.2023 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി പട്ടിക പരാമർശം 2 പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്നു. ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ സീനിയോറിറ്റി പട്ടിക ഡിപ്ലോമ യോഗ്യതയുള്ളവർക്കും സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവർക്കും പ്രത്യേകമായിട്ടായിരിക്കണം എന്ന് ത.സ്വ.ഭ.വ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2022-ൽ (5) വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ഡിപ്ലോമ, സർട്ടിഫിക്കറ്റ് ക്വാട്ടകളിൽ പ്രത്യേകമായാണ് സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്. Certificate അധിഷ്ഠിത Draftsman (Civil), ITI/Polytechnic യോഗ്യതയാണ് ഗ്രേഡ് III, II തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇവയെക്കാൾ ഉയർന്ന യോഗ്യതയുള്ളവർക്കും സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് സർട്ടിഫിക്കറ്റ് അധിഷ്ഠിത സിവിൽ എൻജിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആയതിനാൽ സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസിയർ ആയി നിയമനം ലഭിക്കുന്നവരെ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉയർന്ന യോഗ്യതയുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്യണമെന്നാണ് OA No.1671/2024 ൽ ആവശ്യം ഉന്നയിച്ചിട്ടുള്ളത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 31.07.2009 മുതൽ 11.09.2020 വരെയുള്ള കാലയളവിലെ ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ സീനിയോറിറ്റി പട്ടിക പരാമർശം 3 പ്രകാരം അന്തിമമാക്കപ്പെട്ടിട്ടുള്ളതാണ്. ടി അന്തിമ സീനിയോറിറ്റി പട്ടികയിലും ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന 3 വർഷ ഡിപ്ലോമയോ അധികയോഗ്യതയോ ഉള്ളവരെ ഡിപ്ലോമ ക്വാട്ടയിലും ഉദ്യോഗക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമിതരാകുന്നവരെ സർട്ടിഫിക്കറ്റ് ക്വാട്ടയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഉദ്യോഗക്കയറ്റം വഴി ഒന്നാം ഗ്രേഡ് ഓവർസിയർ ആകുന്നവരിൽ 3 വർഷ ഡിപ്ലോമയോ അധിക യോഗ്യതയോ ഉള്ളവർക്ക് ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറുന്നതിന് തസ്വഭവ ചീഫ് എൻജിനീയറുടെ 02.02.2021 ലെ E22-101/2013/സിഇ/തസ്വഭവ നോട്ടീസ് പ്രകാരം ഓപ്ഷൻ നൽകുന്നതിന് അവസരം ലഭ്യമാക്കിയിരുന്നു. ഇപ്രകാരം ഓപ്ഷൻ നൽകിയ രണ്ടാം ഗ്രേഡ് ഓവർസിയർമാരെ തസ്വഭവ ചിഫ് എൻജിനീയറുടെ പരാമർശം 3 നടപടി ക്രമം പ്രകാരം സീനിയോറിറ്റി പട്ടികയിൽ ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

ശ്രീ.അനൂപ് എം, ഒന്നാം ഗ്രേഡ് ഓവർസിയർ ത.സ്വ.ഭ.വ ചീഫ് എൻജിനീയറുടെ പരാമർശം 3 നടപടിക്രമം പ്രകാരം അന്തിമമാക്കി പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലും സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് (ക്രമ നം.578, റാങ്ക് നമ്പർ 789) ഉൾപ്പെട്ടിരിക്കുന്നത്. തസ്വഭവ ചീഫ് എഞ്ചിനീയറുടെ E9-9300/16/CE/LSGD തീയതി 15/07/2019 നമ്പർ ഉത്തരവ് പ്രകാരം രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ചാണ് ടിയാൻ ഒന്നാം ഗ്രേഡ് ഓവർസിയറായിട്ടുള്ളത്. നിലവിൽ 31.12.2023 അടിസ്ഥാനമാക്കി അന്തിമമാക്കിയിട്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 09.12.2024 തീയതിയിലെ LSGD/PD/146/GEA4 സീനിയോറിറ്റി പട്ടികയിലും ശ്രീ.അനൂപ്.എം-നെ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ക്രമനമ്പർ 109 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പരാമർശം 3 നടപടി ക്രമം പ്രകാരം അന്തിമമാക്കപ്പെട്ട സീനിയോറിറ്റി പട്ടികയുടെ കരട് പ്രസിദ്ധീകരിച്ചതിൽ ഡിപ്ലോമയോ ഉയർന്ന യോഗ്യതയോ ഉള്ളവരെ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ നിന്നും ഒഴിവാക്കണം എന്നാവശ്യപ്പെട്ട് ശ്രീ.അനൂപ്.എം ഉൾപ്പെടെ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ട ചില ജീവനക്കാർ ആക്ഷേപം സമർപ്പിക്കുകയും സീനിയോറിറ്റി പട്ടിക അന്തിമമാക്കുന്നതിന് മുൻപ് ആക്ഷേപം ഉന്നയിച്ചവരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു.

Certificate അധിഷ്ഠിത Draftsman (Civil), ITI/Polytechnic യോഗ്യതയാണ് ഗ്രേഡ് III, II തസ്തികയ്ക്ക് അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. ഇവയെക്കാൾ ഉയർന്ന യോഗ്യതയുള്ളവർക്കും സെക്കൻറ് ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിയമനം ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തസ്തികയുടെ അടിസ്ഥാന യോഗ്യതായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് സർട്ടിഫിക്കറ്റ് അധിഷ്ഠിത സിവിൽ എൻജിനീയറിംഗ് ഡ്രാഫ്റ്റ്സ്മാൻ കോഴ്സ് ആയതിനാൽ സെക്കൻറ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നിയമനം ലഭിക്കുന്നവർ സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത്. തസ്വഭവ ചീഫ് എൻജിനീയർ അടന്തിമമാക്കി പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി പട്ടികയിൽ ഓപ്ഷൻ നൽകാതെ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് ശ്രീമതി.ദിവ്യ.സി.എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച OA (EKM) 290/2023 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് 18.03.2023 ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ(സാധാ) നം.650/2023/LSGD ഉത്തരവിൽ രണ്ടാം ഗ്രേഡ് ഓവർസിയർമാരുടെ അടിസ്ഥാന യോഗ്യത സർട്ടിഫിക്കറ്റ് ആണെന്നും ആയതിനാൽ അവരെല്ലാവരും സർട്ടിഫിക്കറ്റ് ക്വാട്ടയിലാണ് ഉൾപ്പെടേണ്ടത് എന്നും അവരുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിപ്ലോമ ക്വാട്ടയിലേയ്ക്ക് പരിഗണിക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരമാണ് സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ 31.12.2023 അടിസ്ഥാനമാക്കി അന്തിമമാക്കിയിട്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 2 നടപടിക്രമം പ്രകാരമുള്ള ഒന്നാം ഗ്രേഡ് ഓവർസിയർ സീനിയോറിറ്റി പട്ടിക റദ്ദ് ചെയ്യണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. OA(EKM) No. 1671/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ പരാമർശം 1 വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

അനൂപ്.എം, അനൂപ് നിവാസ്, വട്ടുവൻ കുളം, കുറ്റിയാട്ടൂർ പി ഒ, കണ്ണൂർ 670602
അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 02-04-2025 17:08:53